**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6048** **09-07-2024 - ൽ മറുപടിയ്ക്ക്**

**മുക്കം മാമ്പറ്റയിലെ കയർഫെഡ് സ്ഥാപനത്തിൽ നടക്കുന്ന നവീകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മുക്കം മാമ്പറ്റയിലെ കയർഫെഡ് സ്ഥാപനത്തിൽ നടക്കുന്ന നവീകരണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | (എ) മുക്കം മാമ്പറ്റയിലെ കയർഫെഡ് നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കേരള സ്റ്റേറ്റ് കയർ മെഷീനറി മാനുഫാക്ച്ചറിംഗ് കമ്പനി (കെ.എസ്.സി.എം.എം.സി) കെട്ടിട നവീകരണം നടത്തുകയും പുതിയ ഡിഫൈബറിംഗ് മെഷിനും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മെഷീനറികളുടെ പ്രവർത്തനത്തിന് ആവശ്യമായ പവർ നിലവിലെ ട്രാൻസ്ഫോർമറിൽ പര്യാപ്തമല്ല എന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും അറിയിച്ചതിനെ തുടർന്ന് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത നവീകരണ പ്രവർത്തനങ്ങളുടെ ഫലമായി ലഭിക്കാവുന്ന ഗുണഫലങ്ങൾ വ്യക്തമാക്കുമോ? | (ബി) | മേൽ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചാൽ കൂടുതൽ ഫൈബർ ഉല്പാദിപ്പിക്കുന്നത് വഴി കോഴിക്കോട്, മലപ്പുറം ജില്ലകളിലെ കയർ പിരി സഹകരണ സംഘങ്ങൾക്ക് ഗുണനിലവാരമുള്ള ഫൈബർ കൃത്യമായി നൽകുന്നത് വഴി സംഘങ്ങളുടെ കയർ ഉൽപ്പാദനം വർധിപ്പിക്കാൻ സാധിക്കും. കൂടാതെ ചകിരിച്ചോറ് ഉപയോഗിച്ച് ജൈവ വളം ഉൾപ്പെടെയുള്ള മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നത് വഴി കൂടുതൽ തൊഴിലവസരങ്ങൾ പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ